# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5285 — 05.07.2012-ൽ മറുപടിയ്ക്ക്

**കൊല്ലം കിഴക്കൻ മേഖല റിസർവ് വനത്തിലെ കാട്ടുതീ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലയിലെ റിസർവ് ഫോറസ്റ്റിൽ ഈയിടെ ഉണ്ടായ കാട്ടുതീയുടെ കാരണം കണ്ടെത്തിയിട്ടുണ്ടോ; ഇതു മൂലം എത്ര ഹെക്ടർ വനം കത്തി നശിച്ചു; നഷ്ടം കണക്കാക്കിയിട്ടുണ്ടോ? | എ) ജനവാസപ്രദേശങ്ങൾ ധാരാളം ഉളളതിനാൽ ജനസഞ്ചാരമുളള ഭാഗങ്ങളിൽ ആൾക്കാർ അലക്ഷ്യമായി ഉപേക്ഷിക്കുന്ന തീയിൽനിന്നുമാകാം കാട്ടുതീ പടരുന്നത്. ഇതുമൂലം 273.13 ഹെ. വനം കത്തിയതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇതുമൂലം നഷ്ടമൊന്നും സംഭവിച്ചതായി കണക്കാക്കിയിട്ടില്ല. കൂടാതെ തെന്മല ഡിവിഷനിലെ തെന്മല റെയിഞ്ചിൽ പെരുവഴിക്കാലയിൽ 05..02..2012 ൽ 2010 ആർ.ഡി.എഫ്. തോട്ടത്തിൽ 2 ഹെക്ടർ പ്രദേശത്തുണ്ടായ തീയിൽ ആർ.ഡി.എഫ്. സ്കീമിൽ നട്ട 250 വിവിധയിനം തൈകൾ കത്തിനശിച്ച വകയിൽ 2,500/- രൂപ, ആര്യങ്കാവ് റെയിഞ്ചിലെ ഇടപ്പാളയം 1999 അക്കേഷ്യാ തോട്ടത്തിൽ എച്ച്.എൻ.എൽ. കമ്പനി മുറിച്ച് അട്ടിവച്ചിരുന്ന 5 മെ.ടൺ അക്കേഷ്യാ ബില്ലറ്റുകൾ 27..02..2012 ൽ കത്തി നശിച്ച അതുമൂലം 10,000/- രൂപയും നഷ്ടം സംഭവിച്ചിട്ടുണ്ട്. അക്കേഷ്യാ ബില്ലറ്റുകൾ കത്തിനശിച്ചതുമൂലമുണ്ടായ നഷ്ടം എച്ച്. എൻ. എൽ-ന്റെ ബാദ്ധ്യതയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ